ശ്രീ. കെ. കരുണാകരൻ : മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇൻഷ്വറൻസ് സ്കീം കൂടാതെതന്നെ മത്സ്യത്തൊഴിലാളി ക്ഷേമ നിധിയുള്ളതുകൊണ്ട് അവർക്ക് ഇതുപോലുള്ള കാര്യങ്ങൾക്ക് സഹായം ചെയ്യാൻ ഇന്നത്തെ നിലയിൽ വ്യവസ്ഥയുണ്ട്. അതുകൊണ്ട് ഇൻഷ്വറൻസ് തന്നെ വേണമെന്നില്ല.

സംസ്ഥാനത്തിന്റെ ഏഴാം പദ്ധതിക്കുള്ള കേന്ദ്ര വിഹിതം

* 2 (2) ശ്രീ. കെ. പി. അരവിന്ദാക്ഷൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, കെ. ആർ. ചന്ദ്രമോഹനൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഏഴാം പദ്ധതിയിലേക്ക് കേന്ദ്രവിഹിതമായി അംഗീകരിക്കപ്പെട്ട തുകയെത്ര ;

(ബി) പ്രസ്തുത പദ്ധതി വിഹിതത്തിലേക്ക് 1985-86-ലും, 1986-87 സെപ്റ്റംബർ വരേയും കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ച സംഖ്യ എത്ര ;

(സി) ആറാം പദ്ധതിയുടെ 'സ്പിൽ ഓവർ പ്ലാൻ' എന്നതിലുപരിയായി 7-ാം പദ്ധതിയുടെ ഒന്നും രണ്ടും വർഷങ്ങളിൽ വികസന പ്രവർത്തനങ്ങൾക്ക് 31-8-1986 വരെ ഗവൺമെന്റ് ചെലവാക്കിയ തുക എത്ര ;

(ഡി) ഇതിൽ കേന്ദ്ര സഹായമെത്ര ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) 1140.51 കോടി രൂപ

(ബി) 1985-86-ൽ 274.41 കോടി രൂപയും 1986-87 സെപ്റ്റംബർ വരെ 117.2 കോടി രൂപയും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചു.

(സി) ഏഴാം പദ്ധതിയുടെ ഒന്നാം വർഷത്തിൽ (1985-86-ൽ) 169 കോടി രൂപ ചെലവാക്കി. 1986-87-ൽ ചെലവാക്കിയ തുകയുടെ കണക്ക് ഇപ്പോൾ ലഭ്യമല്ല.

(ഡി) സ്പിൽഓവർ, സ്പിൽഓവർ അല്ലാത്തവ എന്നീ രീതിയിൽ തരംതിരിച്ചിട്ടില്ല. മറിച്ച് മൊത്തം പദ്ധതികൾക്കാണ് കേന്ദ്ര സഹായം ഓരോ വർഷവും ലഭിക്കുന്നത്. അതിനാൽ സ്പിൽഓവർ പദ്ധതികൾക്കു പുറമായിട്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് കിട്ടിയ കേന്ദ്ര സഹായം വേർതിരിച്ച് കണക്കാക്കുവാൻ സാധിക്കുകയില്ല.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : ഉപചോദ്യം ചോദിക്കുന്നതിനു മുൻപ് ചട്ടം അനുസരിച്ച് ആറാം പദ്ധതിയുടെ സ്പിൽഓവറിനു ചെലവാക്കിയത് എത്ര ; ബാക്കി എത്ര എന്ന് ചോദ്യം ചോദിച്ചാൽ അത് കണക്കാക്കിയില്ല എന്നു പറഞ്ഞാൽ പോര, കൃത്യമായിട്ട് ഒരു മറുപടി തരണം. ഈ ചോദ്യം ചട്ടമനുസരിച്ച് ചോദിച്ചിട്ടുള്ളതും ഗവൺമെന്റ് അതിനു മറുപടി പറയാൻ ബാദ്ധ്യസ്ഥമായിട്ടുള്ളതുമാണ്. അത് പറയുന്നില്ലെങ്കിൽ പിന്നെ ഉപചോദ്യം എന്തിനാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : ഏഴാം പദ്ധതിയുടെ ഒന്നാം വർഷത്തിൽ 169 കോടി രൂപയാണ് സ്പില്ലോവർ ഒഴിച്ചുള്ളതിനു ചെലവാക്കിയിട്ടുള്ളത് എന്നു ഇവിടെ പറഞ്ഞു.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : 117.2 കോടി രൂപയാണ് ഇതുവരെ ചെലവാക്കിയിട്ടുള്ളത്. അതിൽനിന്നു 169-ൽ ചിലവാനം സംഖ്യയാണ് സ്പില്ലോവർ ഒഴിച്ച് ബാക്കി ചെലവാക്കിയത് എന്നാണ്, രണ്ടാമത് അദ്ദേഹം കൂട്ടിച്ചേർത്തത്. അത് അവാസ്തവമാണ്. ഈ ചോദ്യത്തിനു കൃത്യമായ ഒരു മറുപടി കിട്ടുകയില്ല എന്നുള്ളതാണ് വസ്തുത, ആറാം പദ്ധതിയുടെ സ്പില്ലോവർ കഴിച്ച് ബാക്കി ഏഴാം പദ്ധതിയുടെ ആദ്യവർഷവും രണ്ടാം പദ്ധതിയുടെ രണ്ടാം വർഷം ഒക്ടോബർ വരെ ചെലവാക്കിയ സംഖ്യ എത്രയാണ്. അതിനു മറുപടി പറഞ്ഞിട്ടില്ല. അവ കിട്ടാത്തിടത്തോളം ഉപചോദ്യം ചോദിക്കാൻ സാധിക്കുകയില്ല.

ശ്രീ. കെ. കരുണാകരൻ : ചോദ്യം ആറാം പദ്ധതിയുടെ 'സ്പില്ലോവർ പ്ലാൻ' എന്നതിലുപരിയായി 7-ാം പദ്ധതിയുടെ ഒന്നും രണ്ടും വർഷങ്ങളിൽ വികസനപ്രവർത്തനങ്ങൾക്ക് 31-8-1986 വരെ ചെലവാക്കിയ തുക എത്രയാണെന്നാണ്. ഈ ചോദ്യത്തിന്റെ വ്യക്തതയനുസരിച്ചാണ് മറുപടി പറഞ്ഞത്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സ്പില്ലോവർ കൂടാതെ എത്രയാണെന്ന് വ്യക്തമാക്കണം.

ശ്രീ. കെ. കരുണാകരൻ : അതുകൊണ്ടാണ് വളരെ ക്ലിയറായിട്ട് പറഞ്ഞത് 169 കോടി രൂപ ചെലവഴിച്ചു. ബി യുടെ ഉത്തരത്തിൽ പറഞ്ഞു. കിട്ടിയത് 274.41 കോടി രൂപയാണ്. അതിൽ സ്പില്ലോവർ ഒഴിച്ചുള്ളതിന് ചെലവാക്കിയത് 169 കോടി രൂപയാണ്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : അങ്ങ് തന്ന വസ്തുത അനുസരിച്ചു തന്നെ 6-ാം പദ്ധതിയുടെ ഒന്നും രണ്ടും വർഷങ്ങളിൽ ചെലവാക്കിയ തുക 7-ാം പദ്ധതിയുടെ ഒന്നും രണ്ടും വർഷങ്ങളിൽ അതായത് ഒക്ടോബർ വരെ ചെലവാക്കിയ സംഖ്യയെക്കാൾ കൂടുതലാണോ കുറവാണോ ?

ശ്രീ. കെ. കരുണാകരൻ : കമ്പാരറ്റീവ് ഫിഗർ എന്റെ കൈവശമില്ല.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : വസ്തുത കൈവശമില്ലെന്നു പറയുന്നത് 7-ാം പദ്ധതിയുടെ ഒന്നും രണ്ടും വർഷങ്ങളിൽ 6-ാം പദ്ധതിയുടെ സ്പിൽ ഓവറല്ലാത്ത മറ്റൊരു പദ്ധതിയും അയച്ചെടുക്കാനോ നടത്താനോ കഴിഞ്ഞിട്ടില്ലെന്നുള്ള വസ്തുത മൂടിവയ്ക്കാനാണ്. അതുകൊണ്ട് 7-ാം പദ്ധതിയുടെ ഒന്നും രണ്ടും വർഷങ്ങളിൽ പ്രത്യേകമായി ഏറെടുത്ത പദ്ധതികൾ ഏതെല്ലാമെന്നും അതിൽ ഏതിനുവേണ്ടിയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ ?

ശ്രീ. കെ. കരുണാകരൻ : 2100 കോടി രൂപയുടെ പദ്ധതിയിൽ സ്പിൽ ഓവർ പദ്ധതി 717.23 കോടി രൂപയുടേതാണ്. എല്ലാം സ്പില്ലോവർ ആണെന്നു പറയുന്നത് ശരിയല്ല.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : കഴിഞ്ഞ വർഷമുണ്ടായ വെള്ളപ്പൊക്കത്തിനു കേന്ദ്ര ഗവൺമെന്റ് നൽകിയെന്നു ഗവൺമെന്റ് നേരത്തെ പറഞ്ഞ ഏതെങ്കിലും തുക ഈ പഞ്ചവൽസര പദ്ധതിയുടെ കഴിഞ്ഞ വർഷത്തെ വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ? അങ്ങനെ 30 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു പറയുന്നത് ശരിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : കേന്ദ്ര ഗവൺമെൻറ് വിഹിതം പ്ലാൻ നിശ്ചയിക്കുന്ന അവസരത്തിൽ തിട്ടപ്പെടുത്തിയിട്ടുള്ളതാണ്. അതിനിടയിൽ വരുന്ന നാച്വറൽ കലാമിറ്റീസിനൊക്കെ ആ തിട്ടപ്പെടുത്തിയ സംഖ്യയിൽ വരുന്നില്ല.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനു വേണ്ടി 135 കോടി രൂപ കേന്ദ്ര ഗവൺമെൻറ് തന്നു എന്ന് ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും പല പ്രാവശ്യം പ്രഖ്യാപിച്ചിരിക്കേ കേന്ദ്ര ഗവൺമെൻറ് സൗജന്യമായി പഞ്ചവൽസര പദ്ധതിയുടെ വിഹിതത്തിൽപ്പെടുത്താതെ അത്രയും തുക തന്നു എന്നാണോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് ?

ശ്രീ. കെ. കരുണാകരൻ : പ്ലാൻ വിഹിതത്തിനു പുറമേയാണ് ഫ്ളഡ് റിലീഫിനായിട്ടാണ് പണം തരുന്നത്. അതാണ് തന്നുവെന്നു പറഞ്ഞത്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : 7-ാം പദ്ധതിയുടെ ആദ്യവർഷം സപ്പിള്ളോവറല്ലാതെ പുതുതായി ഏറെറടുത്ത പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; ആ പദ്ധതികൾക്കുവേണ്ടി ഇതിനകം എന്തു ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ ?

ശ്രീ. കെ. കരുണാകരൻ : അതൊരു നീണ്ട പട്ടികയാണ്. പല ഐറ്റത്തിലായിട്ടാണ് കിടക്കുന്നത്. ഒരുമിച്ച് കൂട്ടിയെഴുതിയിട്ടില്ല.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ഐറ്റമെല്ലാം പറയേണ്ട. പുതിയ പദ്ധതികൾക്കുവേണ്ടി ഇതിനകം മൊത്തം ചെലവഴിച്ചിട്ടുള്ള തുക പറയാമോ ?

ശ്രീ. കെ. കരുണാകരൻ : ആദ്യവർഷത്തെ സംഖ്യ പറഞ്ഞുകഴിഞ്ഞു. രണ്ടാമത്തെ വർഷത്തെ സംഖ്യ, 1986-87 ലേത് മുഴുവൻ കിട്ടിക്കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : കേരളത്തിൻെറ പദ്ധതി വിഹിതം അഖിലേന്ത്യാ ശരാശരിയുമായി തട്ടിച്ചുനോക്കുമ്പോൾ കൂടുതലാണോ കുറവാണോ ? കുറവാണെങ്കിൽ അങ്ങനെ കുറയാനുണ്ടായ കാരണമെന്താണ് ? ഇപ്പോൾ തന്നുവെന്നു പറയുന്ന തുകയിൽ അഡ്വാൻസായി ഏതെങ്കിലും തുകയുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : മൊത്തം അനിവദിച്ച തുകയിൽ കേന്ദ്രത്തിൻെറ സഹായം അഖിലേൻഡ്യാ ആവറേജിനേക്കാൾ കേരളത്തിന് വളരെക്കൂടുതലാണ്. അതേയവസരത്തിൽ പ്ലാൻ സൈസിൽ കൂടുതൽ വന്നിട്ടുള്ള കാരണം സ്റേറററിൻെറ റിസോഴ്സസ് കുറവായതുകൊണ്ടാണ്. കേന്ദ്രവിഹിതത്തിന് അനുസൃതമായി സ്റേറററിൻെറ റിസോഴ്സസ് ഇല്ലെന്നുള്ളതുകൊണ്ട് കേരളത്തിന് 10 ശതമാനമേ വർദ്ധനവുള്ളൂ.

Dr. A. Subha Rao : As per the Budget, the plan amount for this year is Rs. 390 crores and the expected assistance from the Central Government is Rs. 280 crores. With regard to the loans, (the overdraft which has been converted as medium term loan) we have got to pay Rs. 71.2 crores. Apart from that for the flood relief we have received as per the finance Commission, we have to pay 25% out of the assistance of Rs. 138 crores to the Central Government. So what is the total amount that we have got to pay to the Central Government this year and what is the amount that you expect from the Central Government for the plan ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : 7-ാം പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റിന്റെ വിഹിതമായി എത്ര കിട്ടിയെന്നാണ് ചോദ്യം. പ്ലാനിന്റെ വിഹിതമായി കിട്ടിയ സംഖ്യയാണ് പറഞ്ഞത്. മറ്റു ചോദ്യങ്ങൾക്ക് പ്രത്യേകം ചോദ്യം ചോദിച്ചാൽ വിവരം ശേഖരിച്ചുതരാം.

Dr. A. Subha Rao : May I know what is the percentage of money that is invested in the medium and large scale industries of the Central Sector, and how much amount is being spent for the major and medium industries in Kerala in this plan ?

ശ്രീ. കെ. കരുണാകരൻ : ഇൻഡസ്ട്രി തുടങ്ങി ഓരോ ഐറ്റത്തിനെ സംബന്ധിച്ച് ഓരോ കൊല്ലം ചെലവു ചെയ്യുന്ന സംഖ്യയുടെ കണക്ക് ശേഖരിച്ചിട്ടില്ല. മൊത്തമായിട്ടാണ് ചോദ്യം. ഈ കൊല്ലത്തെ ചെലവ് സംബന്ധിച്ച് വിശദവിവരം കിട്ടിയിട്ടില്ല. മൊത്തം ചെലവായിട്ടുള്ളത് 361 കോടി രൂപയാണ്.

ശ്രീ. കെ. ടി. കണാരൻ : വ്യാവസായികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്തിന് 7-ാം പദ്ധതി വിഹിതത്തിൽ അനുവദിച്ച തുക ജനസംഖ്യാനുപാതികമായി മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറയാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. കരുണാകരൻ : കേന്ദ്ര വിഹിതം കുറഞ്ഞിട്ടില്ല കൂടുതലാണ്. ഇൻഡ്യയിൽ കിഴക്കൻ സംസ്ഥാനങ്ങൾക്ക് കൊടുക്കുന്ന പ്രത്യേക സഹായം മാറ്റി നിർത്തിയാൽ ഏറ്റവും കൂടുതൽ അതായത് 54.6 ശതമാനം കിട്ടുന്നത് കേരളത്തിനു മാത്രമാണ്. നേരെ മറിച്ച് പ്ലാൻസൈസിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വർദ്ധിക്കാതിരിക്കാൻ കാരണം സ്റ്റേറ്റിന്റെ റിസോഴ്സസ് കുറവായതുകൊണ്ടാണ്.

ശ്രീ. കെ. ടി. കണാരൻ : കേരളത്തിനും ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങൾക്കും 7-ാം പദ്ധതിവിഹിതം അനുവദിച്ച കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ച ആനുപാതികമായിട്ടുള്ള തുക നമ്മുടെ സംസ്ഥാനത്തിനും, മറ്റു സംസ്ഥാനങ്ങൾക്കും വ്യത്യസ്തമാണ്. അതുകൊണ്ട് ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ജനസംഖ്യാനുപാതികമായി മറ്റു സംസ്ഥാനങ്ങൾക്ക് കേന്ദ്ര വിഹിതം അനുവദിച്ചതിന്റെ കണക്ക് വ്യക്തമാക്കാമോ ?

ശ്രീ. കെ. കരുണാകരൻ : ജനസംഖ്യാനുപാതികമായിട്ടുള്ള വിഹിതം ഈ കേന്ദ്ര വിഹിതത്തിന്റെ പങ്കിലുണ്ട്. അത് എല്ലാ സ്റ്റേറ്റുകൾക്കും ഒരുപോലെയാണുള്ളത്. ഗാഡ്കിൽ ഫോർമുല അനുസരിച്ചുകൊടുക്കുന്ന ജനസംഖ്യാനുപാതികമായിട്ടുള്ള വിഹിതം ഒരു സംസ്ഥാനത്തിനും കൂടുതലോ കുറവോ കൊടുക്കുന്നില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : 2100 കോടി രൂപയുടെ പദ്ധതി വിഹിതത്തിന്റെ ശതമാനത്തെപ്പറ്റിയാണ് മുഖ്യമന്ത്രി പറഞ്ഞത്. ഇവിടെത്തന്നെ മുമ്പും പരാമർശിച്ചിട്ടുള്ളതാണ്. 6-ാം പദ്ധതി കഴിഞ്ഞ് 7-ാം പദ്ധതിക്ക് അനുവദിച്ചിട്ടുള്ള തുകയെ സംബന്ധിച്ചിടത്തോളം മറ്റു സ്റ്റേറ്റുകളെ അപേക്ഷിച്ച് നമ്മുടെ പദ്ധതിക്ക് തുക കുറവാണെന്നും അങ്ങനെ കുറയാനുള്ള കാരണം നമ്മുടെ വിഭവ സമാഹരണശേഷി കുറവായതുകൊണ്ടാണ് പദ്ധതി വെട്ടിക്കുറയ്ക്കേണ്ടി വന്നതെന്നും അന്ന് പറഞ്ഞിരുന്നു. ഇപ്പോഴും പറയുന്നു. അങ്ങനെയാണെങ്കിൽ അന്ന് പദ്ധതി ചർച്ച ചെയ്യുമ്പോൾ പ്രതീക്ഷിച്ചിരുന്ന ആ വിഭവസമാഹരണശേഷി വളരെയേറെ വർദ്ധിച്ചിരിക്കുന്നു എന്നാണ് 1986-87-ലെ സ്ഥിതി വച്ചുകൊണ്ട് പറഞ്ഞത്. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ത്തന്നെ കൂടുതൽ സംഭരണത്തിനുള്ള നടപടികളും ഊർജ്ജിതമായി നടന്നു വരുന്നു എന്ന് പറയുന്നു. അങ്ങനെ വിഭവസമാഹരണശേഷി വർദ്ധിക്കുന്നതിനനുസരിച്ച് പദ്ധതി വിഹിതം വർദ്ധിപ്പിച്ചുതരാമെന്ന് കേന്ദ്രം അന്നു തന്നെ അംഗീകരിച്ചിരുന്നു എന്നു പറഞ്ഞു. ഇപ്പോൾ വിഭവശേഷി വർദ്ധിച്ചതിന്റെ അനുപാതത്തിൽ പദ്ധതി വിഹിതം വർദ്ധിച്ചു കിട്ടുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ വച്ചിട്ടുണ്ടോ ? പദ്ധതി വിഹിതം അംഗീകരിച്ചതിനു ശേഷം മറ്റു സ്റ്റേറ്റുകൾക്ക്—പശ്ചിമബംഗാളിന്—600 കോടി രൂപയുടെ പുതിയ പദ്ധതികൾ പ്രധാനമന്ത്രി നേരിട്ട് അവിടെച്ചെന്ന് പ്രഖ്യാപിച്ചു. പ്രധാനമന്ത്രി ഇവിടെ വന്നിട്ടാണ് പശ്ചിമബംഗാളിൽ പോയത്. വിഭവസമാഹരണശേഷി കുറഞ്ഞതുകൊണ്ട് വ്യാവസായികമായി ഏറ്റവും പിന്നിലായിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്തിന് കൂടുതലായി കേന്ദ്ര സഹായം ലഭിക്കുന്നതിനുള്ള ക്രിയാത്മകമായ ഏതെങ്കിലും പ്രപ്പോസൽ കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ വച്ചിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട മെമ്പർക്കുപോലും തെറ്റിദ്ധാരണയുണ്ടായതിൽ എനിക്ക് അത്ഭുതം തോന്നുകയാണ്. പെസ്റ്റ് ബംഗാളിൽ കൊടുത്തത് 6-ാം പഞ്ചവൽസര പദ്ധതിയിലും 7-ാം പഞ്ചവൽസര പദ്ധതിയിലും അവർക്ക് അനുവദിച്ച സംഖ്യയിൽ 6-ാം പദ്ധതിയിൽ ഉപയോഗിക്കാതെ വന്ന കാര്യത്തിൽ സാംഗ്ഷൻ കിട്ടാതെ കിടന്ന കാര്യങ്ങൾക്ക് തുടർന്ന് സാംഗ്ഷൻ ചെയ്യുകയല്ലാതെ ഒറ്റ പൈസ പോലും പുതിയതായിട്ട് കൊടുത്തിട്ടില്ല. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യത്തിന് നമ്മുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്ലാൻ വച്ച് അത് പുനഃപരിശോധന ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അതു പ്രകാരം ഇൻഡ്യയിൽ മൊത്തമായിട്ട് പരിശോധിക്കാനുള്ള വ്യവസ്ഥിതിയെക്കുറിച്ച് പ്ലാനിംഗ് കമ്മീഷൻ ആലോചിക്കുന്നതായിട്ടാണ് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്—ഇടക്കാലത്തുവച്ച് പ്ലാനിങ്ങിനെ സംബന്ധിച്ച് പൊതുവായൊരു പരിശോധന. ആ അവസരത്തിൽ നമുക്ക് നമ്മുടെ റിസോഴ്സസിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തുക ചോദിക്കാം, അതനുസരിച്ചുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യാം. വരാൻ പോകുന്ന റിസോഴ്സസിന്റെ കാര്യം പറയുമ്പോൾ അതുപോലെ നമുക്ക് ചെലവും വരുന്നുണ്ട് എന്ന കാര്യം മറക്കരുത്. റിസോഴ്സസിനെ സംബന്ധിച്ചുള്ള വലുപ്പം അനുസരിച്ച് തീർച്ചയായും ഓരോ കൊല്ലവുമുള്ള പ്ലാനിംഗിന്റെ സൈസ് വർദ്ധിപ്പിച്ചുകൊടുക്കാൻ സാധിക്കും.

ശ്രീ. ഇ. കെ. നായനാർ : ഇവിടെ പറഞ്ഞത് സത്യവിരുദ്ധമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് അഖിലേന്ത്യാതലത്തിൽ നോക്കുമ്പോൾ, നമുക്ക് നൽകുന്നത് കൂടുതലാണ് എന്നാണ്. ഞാൻ കണക്കെടുത്ത്, ചോദിക്കുകയണ്, 1981–82-ൽ 2.10 ശതമാനം നമുക്ക് തന്നു. 1982-83-ൽ 1.93 ശതമാനമായി. 1983-84-ൽ 1.80 ശതമാനമായി ഇപ്പോൾ അത് ഒരു ശതമാനത്തിൽ താഴെയായി. അഖിലേന്ത്യാ നിക്ഷേപം വച്ചു നോക്കുമ്പോൾ കേരളത്തിൽ ഇത് കൂടുതലാണോ ? നിയമസഭയിൽ തന്ന കണക്കാണിത്. ഞാൻ ശേഖരിച്ചതാണ്. അതുപോലെതന്നെ 1985-86, 1986-87 ഈ വർഷങ്ങളിലെ കണക്ക് വ്യക്തമായിട്ട് പറഞ്ഞിട്ടില്ല. രണ്ടും കൂടി മൊത്തമായിട്ടാണ് പറഞ്ഞിട്ടുള്ളത് ; 274 കോടി രൂപ. അപ്പോൾ ഒരു ശതമാനം പോലുമില്ല. ഇത് കേരളത്തോടുള്ള അവഗണനയാണ്. വ്യവസായ വകുപ്പുമന്ത്രി ഇവിടെ സമർപ്പിച്ചിട്ടുള്ള രേഖയിൽ കേരള ഗവൺമെന്റ് ഓരോ വർഷവും വ്യവസായ രംഗത്ത് മുടക്കിയ ഭീമമായ സംഖ്യയിൽ ഒരു ചെറിയ ശതമാനം മാത്രമേ കേരളത്തിന് തരുന്നുള്ളൂവെന്ന് ഈ അസംബ്ലിയിൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുണ്ട്. അങ്ങനെ നമ്മുടെ കേരളത്തിലെ വികസന പദ്ധതികളുടെ കണക്ക് കുറയുമ്പോഴും നമ്മുടെ മുഖ്യമന്ത്രി പറയുന്നു വർദ്ധിച്ചുവരികയാണെന്ന്. പത്തു ശതമാനം ഇൻഡ്യയുടെ ചരിത്രത്തിൽ കൊടുത്തിട്ടില്ല. ഏഴാം പദ്ധതി ക്കാലത്ത് എത്ര ശതമാനമാണ് കിട്ടിയിട്ടുള്ളതെന്ന് പറയാമോ?

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ക്ഷമിക്കണം. ഇവിടെ ചോദ്യം കേന്ദ്ര ഇൻവെസ്റ്റ്മെൻറിനെപ്പറ്റിയല്ല. കേന്ദ്ര അസിസ്റ്റൻസിനെയാണ്. കേന്ദ്ര ഇൻവെസ്റ്റ്മെൻറിനെക്കുറിച്ച് ഇവിടെ ചോദ്യം ഉണ്ടായിട്ടില്ല. മറുപടി പറഞ്ഞിട്ടുമില്ല. പ്ലാനിൽ അനുവദിച്ചിട്ടുള്ള കേന്ദ്ര വിഹിതം ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനത്തിന് കൂടുതലാണ്. 1985-86-ലേക്ക് ലോണുംപ്പെടെ കിട്ടിയിട്ടുള്ള കേന്ദ്ര സഹായം 71.6 ശതമാനമാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ : 1985-86-ൽ പ്ലാൻ അഡ്വാൻസ് ലഭിക്കുകയുണ്ടായി. 1986-87-ൽ പ്ലാൻ അഡ്വാൻസ് ലഭിക്കുമെന്നുള്ള സൂചന ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടായിരുന്നു. 1986-87-ൽ കേന്ദ്ര വിഹിതത്തിന്റെ അടിസ്ഥാനത്തിൽ പ്ലാൻ അഡ്വാൻസായിട്ട് വല്ലതും കിട്ടിയിട്ടുണ്ടോ, അതുംകൂടി ചേർത്താണോ 111.2 എന്നുള്ള സംഖ്യ പറഞ്ഞത്. ഈ സംഖ്യ വളരെ ചെറിയതായതുകൊണ്ട് സാരമായിട്ട് ഈ സംസ്ഥാനത്തിലെ വികസനപ്രവർത്തനങ്ങളെ ബാധിച്ചിരിക്കുന്നു എന്നുള്ള കാര്യം ഗവൺമെൻറിന അറിയാമോ ?

ശ്രീ. കെ. കരുണാകരൻ : മൊത്തം ശതമാനം വർദ്ധിച്ചിട്ടുള്ളത് അഡ്വാൻസ് എടുക്കുന്നതിൽ അല്ല. അഡ്വാൻസ് പദ്ധതികളുടെ കാലത്തും എടുത്തിട്ടുണ്ട്. ഈ പദ്ധതിയിലും ആദ്യത്തെ വർഷം 100 കോടിയും പിന്നത്തെ വർഷം 30 കോടിയും എടുത്തിട്ടുണ്ട്. അത് അഡ്വാൻസ് ആണ്.

ശ്രീ. കെ. പങ്കജാക്ഷൻ : റിസോഴ്സസിന്റെ കുറവുകൊണ്ടാണ് നമ്മുടെ പദ്ധതിയുടെ സൈസ് ചെറുതായിപ്പോയതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. എന്തുകൊണ്ടാണ് റിസോഴ്സസ് സമാഹരിക്കുന്നതിനുള്ള കഴിവ് ഇല്ലാതെ പോയത് ? കഴിഞ്ഞ പദ്ധതിക്കാലത്ത് ഇല്ലാതെ പോയ ആ വിഭവ സമാഹരണശേഷി ഇക്കൊല്ലം നമുക്ക് ഉണ്ടാക്കിയെടുക്കുവാൻ കഴിയുമെന്ന് കേന്ദ്രത്തിനെ ബോദ്ധ്യപ്പെടുത്തുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെൻറ് വിജയിച്ചിട്ടില്ല എന്നല്ലേ അതിനർത്ഥം ? അതിന് ഉപോൽബലകമായി അങ്ങയുടെ ശ്രദ്ധയിൽ ഒരു കാര്യം പെടുത്തുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ചോദ്യത്തിന് അങ്ങ് മറുപടി പറഞ്ഞു. ഇൻഡസ്ട്രീസിലെ ഇൻവെസ്റ്റ്മെൻറിന്റെ പ്രശ്നം അല്ല കേന്ദ്ര അസിസ്റ്റൻസിന്റെ പ്രശ്നമാണെന്ന്. എന്തുകൊണ്ട് റിസോർസസ് നമുക്ക് മൊബിലൈസ് ചെയ്യുന്നതിനുള്ള ശേഷി ഇല്ലാതായി എന്നുള്ളതിന് ഒരു ഉദാഹരണം പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. ഇൻഡസ്ട്രീസ് സെക്ടറിൽ കേന്ദ്ര ഇൻവെസ്റ്റ്മെൻറ് ഉണ്ടായപ്പോഴും നമ്മുടെ റിസോഴ്സസ് വർദ്ധിപ്പിക്കുന്നതിനുള്ള സഹായം കേന്ദ്രത്തിൽനിന്നും ഉണ്ടായില്ല എന്നുള്ളതല്ലേ ഇതിനർത്ഥം ?

ശ്രീ. കെ. കരുണാകരൻ : കേന്ദ്ര ഇൻവെസ്റ്റ്മെൻറ് കേരളത്തിന് കുറഞ്ഞത് നമ്മുടെ റിസോഴ്സസിന്റെ കുറവുകളിൽ ഒന്നുമാത്രമാണ്. നേരെ മറിച്ച് നമ്മുടെ റിസോഴ്സസ് നമ്മൾ ചെലവു ചെയ്യുന്നത് നോൺ-പ്ലാൻ പ്രോജക്ടിനുവേണ്ടിയാണ്. നോൺ-ഡെവലപ്പ്മെൻറ് പ്രോജക്ടിനുവേണ്ടിയാണ്. സോഷ്യൽ സെക്യൂരിറ്റി മെഷീനറിയാണ് ഈ സ്റ്റേറ്റ് പ്രധാനമായിട്ടും ചെലവു ചെയ്യുന്നത്, അതുകൊണ്ട് സോഷ്യൽ സെക്യൂരിറ്റി

LIBRARY ARCHIVES Kerala Legislative Assembly

മെഷേഴ്സിനുവേണ്ടിയുള്ള സംഖ്യ സാധാരണ ഗതിയിൽ പ്ലാൻ എക്സ്പെൻഡിച്ചറായിട്ട് വരുന്നില്ലായെന്നുള്ളതുകൊണ്ട് നമ്മുടെ വരുമാനത്തെ സംബന്ധിച്ച് ആ നിലയിൽ കണക്കാക്കി എന്നുള്ളതാണ് സത്യം. മറന്റ് സ്റ്റേറ്റുകളും ആ നിലയിൽ അല്ല കണക്കാക്കുന്നത്. നമ്മുടെ വിദ്യാഭ്യാസത്തിന്റെ ചെലവായാലും, ആരോഗ്യവകുപ്പിനുവേണ്ടിയുള്ള ചെലവായാലും മറന് സ്റ്റേറ്റുകളെ അപേക്ഷിച്ച് നോക്കുമ്പോൾ നമ്മൾ വളരെ അഡ്വാൻസായിട്ട് പോയിരിക്കുന്നു. നമ്മുടെ കമ്മിറന്റ്മെൻറ് വളരെ കൂടുതലാണ്. ആ കമ്മിറന്റ്മെൻറിൽനിന്നും നമുക്ക് പുറകോട്ട് പോകാൻ സാദ്ധ്യമല്ല. ആ കമ്മിറന്റ്മെൻറുള്ളതുകൊണ്ട് മറന് രംഗങ്ങളിലേക്ക് കടക്കാൻ കേരളത്തിന്റെ റിസോർസസിന് പരിമിതിയുണ്ട്, നികുതിയിതര വരുമാനമാണ് നമുക്ക് വേണ്ടത്. നമുക്ക വ്യവസായങ്ങളുടെ കുറവുണ്ടായിരുന്നു, ആ കുറവ് കാലാന്തരത്തിൽ നികത്തി വരികയാണ്. അതു മൂലം മാത്രമേ റിസോർസസ് വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ.

ശ്രീ. എ. സി. ഷൺമുഖദാസ് : മുഖ്യമന്ത്രി ഇവിടെ സമർത്ഥിക്കുവാൻ ശ്രമിക്കുന്നത് കേന്ദ്ര വിഹിത ശതമാനത്തിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം മുന്നിൽ നില്ക്കുന്നുവെന്നാണ്. നമ്മുടെ സ്റ്റേറ്റിലുള്ള തൊഴിലില്ലായ്മ തുടങ്ങിയ പ്രശ്നങ്ങൾ രൂക്ഷമാവുകയാണ്. കിട്ടിയ സംഖ്യയെ സംബന്ധിച്ചിടത്തോളം ഈവിടത്തെ ഇൻവെസ്റ്റുമെൻറ് കുറയുകയും ചെയ്യുന്നു. അങ്ങനെയാണെങ്കിൽ ഈ പദ്ധതിക്കാലത്ത് നമ്മുടെ ഭൗതിക ലക്ഷ്യത്തിന് പിന്നോട്ടു മാത്രമല്ലേ ഗതിയുണ്ടാവുകയുള്ളൂ. മുന്നോട്ടു പോകാമെന്ന് പ്രതീക്ഷിക്കാൻ കഴിയുമോ ?

ശ്രീ. കെ. കരുണാകരൻ : ഇൻവെസ്റ്റ്മെൻറിനെ സംബന്ധിച്ചിടത്തോളം നമ്മുടെ 6-ാം പദ്ധതിയുടെ പ്ലാൻ 1.8 ശതമാനം ആയിരുന്നുവെങ്കിൽ ഇന്നത് 2.7 ശതമാനമായിട്ട് 7-ാം പദ്ധതിയുടെ പ്ലാനിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : മൊത്തം വികസന പ്രവർത്തനത്തിൽ കേരളത്തിന്റെ ഗതി മുന്നോട്ടല്ല പിന്നോട്ടാണ് എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. കരുണാകരൻ : സംഖ്യയുടെ അടിസ്ഥാനത്തിലും അനുവേത്തിന്റെ അടിസ്ഥാനത്തിലും പിന്നോട്ടല്ല.

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

* 3. [3] ശ്രീ. പന്തളം സുധാകരൻ :
,, കെ. കെ. തോമസ് :
,, കെ. രാഘവൻ മാസ്റ്റർ :
,, സിദ്ധാർത്ഥൻ കട്ടുങ്ങൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏത് സ്കീമനുസരിച്ചാണ് ഇത് നടപ്പിലാക്കുന്നത് ;

(സി) ഓരോ ജില്ലയിലും എത്ര കേന്ദ്രങ്ങൾ വീതം ആരംഭിക്കും ;

(ഡി) ആദിവാസികളും അധിവസിക്കുന്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കൂടുതൽ ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly